പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 4716

22/03/2018 ൽ

മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.കെ. ആൻസലൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും അവയുടെ നിലവിലുള്ള അവസ്ഥയും സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയതിന്റെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് ഈ മേഖലയിൽ കൈവരിക്കാൻ സാധിച്ചത്; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം RIAB മുഖേന നടത്തിയിരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിൻെറ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും. |

| | |
|---|---|
| | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൈവരിച്ച പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>» 2016-17 സാമ്പത്തിക വർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.<br><br>» 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം ലാഭകരമാക്കുവാൻ സാധിച്ചു.<br><br>» 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു.<br>» 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജനുവരി വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 40.66 കോടിരൂപയാണ്. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, ധനപരമായ പുനരുദ്ധാരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാനങ്ങളുടെ അഭിവൃദ്ധിയ്ക്കായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻ തൂക്കം നൽകിയിരിക്കുന്നത്. 2016-17 സാമ്പത്തിക |

വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായ 123 കോടി രൂപയിൽ നിന്നും 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകി വരുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാ രായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിന്

സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിൻെറ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ

എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

പുരോഗമിക്കുന്നു. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡിൻെറ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു.

ഇലക്ട്രിക്കൽ മേഖലയിൽ പ്രവർത്തിക്കുന്ന കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, ടെൽക്ക്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിങ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. കെൽ, കേരളാ ആട്ടോമൊബൈത്സ്, BHEL-EML Ltd എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിൻെറ സാധ്യതയും പരിശോധിച്ചുവരുന്നു.

ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തി പൊതുമേഖലയെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കാമോ?

ഡി) വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന

നടത്തി വരുന്നു. കൂടാതെ സർക്കാർ തലത്തിലും, പ്രവർത്തനാവലോകനം നടത്തി വരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ന്റെ ഓഫീസ് മുഖേന യും കമേഴ്സ്യൽ ആഡിറ്റ് സംവിധാനം പൊതുമേഖലാസ്ഥാപനങ്ങളിൽ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ